*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

134th Issue - Volume 4, No. 15 ജാഗ്രത 14th May 2010

*******

**"Always aim at complete harmony of thought and word and deed. Always aim at purifying your thoughts and everything will be well"**


Mahatma Gandhi

*******

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



MAHATMA GANDHI

## പ്രധാന വാർത്തകൾ

വർഗ്ഗസമരസിദ്ധാന്തക്കാർ വളർത്തുന്ന വർഗ്ഗീയത – നിരീക്ഷണം

---

നാർകോ, പോളിഗ്രാഫ്, ബ്രെയിൻ മാപ്പിംഗ് പരിശോധനകൾ ഭരണഘട നാവിരുദ്ധം

## വർഗ്ഗസമരസിദ്ധാന്തക്കാർ വളർത്തുന്ന വർഗ്ഗീയത – നിരീക്ഷണം

വീണ്ടും വർഗ്ഗീയത ആയുധമാക്കി വർഗ്ഗസമര സിദ്ധാന്തക്കാർ രംഗത്തിറങ്ങിയിരിക്കുന്നു. കേരള കോൺഗ്രസ് മാണി – ജോസഫ് ഗ്രൂപ്പുകളുടെ ലയന ത്തോടനുബന്ധിച്ചാണ് വർഗ്ഗീയ ധ്രുവീകരണത്തിനായി ചില രാഷ്ട്രീയ പാർട്ടി നേതാക്കൾ രംഗത്തിറങ്ങിയിരി ക്കുന്നത്. വർഗ്ഗീയതക്കെതിരെ പോരാടുന്നവരെന്ന് നിര ന്തരം പ്രഖ്യാപിക്കുന്നവരാണ് കേവലം രാഷ്ട്രീയനേട്ട ങ്ങൾക്കായി ഏറ്റവും അപകടകരമായ വർഗ്ഗീയത ആയു ധമാക്കുന്നത്. രണ്ടു കേരളാകോൺഗ്രസ്സിന്റേയും ലയ നത്തിനു പിന്നിൽ ക്രൈസ്തവ മത മേലദ്ധ്യക്ഷൻമാരാണ് എന്നാണ് പാർട്ടി നേതാക്കളും അതുപോലെ മറ്റു ചില സാമുദായികനേതാക്കളും ആരോപിക്കുന്നത്. മതമേല ദ്ധ്യക്ഷൻമാർ രാഷ്ട്രീയത്തിലിടപെടുന്നു, ക്രൈസ്തവർ മതമേൽക്കോയ്മനേടുന്നു; അവരെ ഭയപ്പെടണം, അവർക്കെതിരെ മറ്റു മതസമൂഹങ്ങൾ സംഘടിക്കണം; അങ്ങനെ വർഗ്ഗീയ ധ്രുവീകരണം നടത്തണം അതാണ് ഈ പ്രചരണത്തിന്റെ അടിസ്ഥാനം. ജർമ്മനിയിൽ യഹൂ ദരോട് വിദ്വേഷവും അസൂയയും വളർത്തിയാണല്ലോ ഹിറ്റ്ലർ അവരെ കൂട്ടക്കൊലനടത്തിയത്. അതേ വിദ്വേ ഷപ്രചരണമാണ് വളരെ ആസൂത്രിതമായി ചില നേതാ ക്കൾ നടത്തുന്നത്.

മത നേതാക്കളുടെ ഇടപെടലില്ല എന്ന് ലയിച്ച പാർട്ടികളിൽ ഉള്ളവരും ലയനത്തെ എതിർത്തുകൊണ്ട് മുന്നണിയിൽ നിൽക്കുന്നവർ തന്നെയും വ്യക്തമാക്കിക ഴിഞ്ഞു. എങ്കിലും ക്രൈസ്തവ സഭാനേതൃത്വത്തെ അധി ക്ഷേപിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ് പാർട്ടി നേതാക്കൾ. ഈ ഗവൺമെന്റ് അധികാരത്തിലേറിയ പ്പോൾ തുടങ്ങിയതാണ് ഈ അധിക്ഷേപവർഷം. ‘നികൃ ഷ്ടജീവി’ പ്രയോഗം മുതൽ നിരന്തരമായി ഈ പ്രയോഗം തുടരുന്നു. ഭീഷണിപ്പെടുത്തിയും അധിക്ഷേ പിച്ചും ഒരു സമൂഹത്തെ വരുതിയിലാക്കാനുള്ള ശ്രമമാ യിരുന്നു അത്. അതിനു കഴിയാതെ വന്നപ്പോൾ ചില മതമേലദ്ധ്യക്ഷൻമാർ തങ്ങളോട് അനുഭാവമുള്ളവരാണ്; അവർ പുരോഗമന നിലപാടുകാരാണ്, മറ്റു ചിലർ തങ്ങളെ എതിർക്കുന്നു; അവർ പിന്തിരിപ്പന്മാരാണ് എന്ന പ്രചാരണം തുടങ്ങി. അതും വിലപ്പോയില്ല.

ഈ തന്ത്രങ്ങൾ ഫലിക്കാതെ വന്നപ്പോൾ ക്രൈസ്തവരുടെ ഇടയിലെ പാവപ്പെട്ടവർ തങ്ങളോടു കൂടിയാണ്; മതനേതൃത്വം സമ്പന്നരോടുകൂടിയാണ് എന്നായി പ്രചരണം. ക്രൈസ്തവവൈദീകരുടേതു പോലെ ജനങ്ങളുമായി ഇത്രയേറെ ഇടപഴകുന്ന നേതൃത്വം വേറെ ഇല്ലാത്തതുകൊണ്ടുതന്നെ ജനങ്ങൾ അതിനേയും തിരസ്ക്കരിച്ചു. സുനാമി ഫണ്ടു വിതരണ ത്തിലും മൂലമ്പിള്ളി കുടിയൊഴിപ്പിക്കലുമൊക്കെ പാർട്ടി യുടെ നിലപാട് ആർക്കുവേണ്ടിയാണെന്നും പൊതുസ മൂഹം തിരിച്ചറിഞ്ഞു. അമ്യൂസ്മെന്റ് പാർക്കിലെത്തി നിൽക്കുന്ന വികസന വിപ്ലവം സമൂഹമനസ്സിലുണ്ടല്ലോ. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അതിന്റെ പ്രതികരണമു ണ്ടായി. സ്വാശ്രയവിദ്യാഭ്യാസനിയമത്തിലെ ഭരണഘട നാവിരുദ്ധതയ്ക്കെതിരെ കോടതിവിധി ഉണ്ടാവുകയും ന്യൂനപക്ഷങ്ങൾ അതിനെതിരെ തിരിയുകയും ചെയ്ത പ്പോൾ വർഗ്ഗീയത വളർത്തുക എന്ന ആയുധമാണ് ചില രാഷ്ട്രീയപാർട്ടികൾ പ്രയോഗിച്ചത്. ന്യൂനപക്ഷ ങ്ങൾക്കാണ് കൂടുതൽ സ്ഥാപനങ്ങൾ, അവർ സാമ്പ ത്തികമായും വിദ്യാഭ്യാസപരമായും മുന്നേറ്റമുണ്ടാക്കു ന്നുവെന്നുപറഞ്ഞ് അവർക്കെതിരെ മതസമൂഹങ്ങളെ അണി നിരത്താൻ ശ്രമിച്ചു. ആസൂത്രിതമായും വ്യാപക മായും നടന്ന ഈ വിദ്വേഷപ്രചാരണത്തേയും കേരള ത്തിന്റെ മതാത്മക മതേതരത്വ മനസ്സ് നിരാകരിച്ചു.

വർഗ്ഗസമരസിദ്ധാന്തക്കാരുടെ മതേതരത്വ മുഖം മൂടി ഇപ്പോൾ വീണ്ടും അഴിഞ്ഞുവീണിരിക്കുന്നു. വർഗ്ഗ സമരവും വർഗ്ഗീയവാദവുമെല്ലാം ഒരേ നാണയത്തിന്റെ തന്നെ രണ്ടുവശങ്ങൾ മാത്രമാണെന്ന് വ്യക്തമായിരിക്കു ന്നു. വർഗ്ഗസമരസിദ്ധാന്തക്കാർ തങ്ങളുടെ നിലപാടി നോടു യോജിക്കാത്തവരെ വർഗ്ഗീയത വളർത്തി അപ കടപ്പെടുത്താൻ ശ്രമിക്കുന്നു. അങ്ങനെ ഭൂരിപക്ഷസമൂ ഹത്തെ തങ്ങളുടെകൂടെ നിറുത്തി രാഷ്ട്രീയനേട്ടങ്ങൾ കൊയ്യാമെന്ന് അവർകരുതുന്നു. എല്ലാ ഫാസിസ്റ്റ് തന്ത്രങ്ങളും പയറ്റുന്ന വർഗ്ഗസമരസിദ്ധാന്തക്കാരെയാണ് ഇവിടെ കാണാൻ കഴിയുന്നത്. വർഗ്ഗസമരസിദ്ധാന്തം വർഗ്ഗീയതയോടു കൈകോർക്കുന്നത് ഇപ്പോൾ പാർല മെന്റിൽ പോലും പലപ്പോഴും കാണാൻ കഴിയും. ബി. ജെ.പി മന്ത്രിസഭയിൽ അംഗമായിരുന്ന ആളെ ആവേശ ത്തോടെ സ്വന്തം മുന്നണിയിൽ നിറുത്തുന്നത് ശ്രദ്ധിക്കേ ണ്ടതാണ്. ക്രൈസ്തവർക്കെതിരെ വർഗ്ഗീയധ്രുവീകരണം ലക്ഷ്യമിട്ട് പാർട്ടി നേതാക്കൾ നടത്തുന്ന നിരന്തര പ്രച രണവും പ്രത്യേകിച്ച് ഓർക്കണം. എന്നാൽ ഈ തന്ത്ര ങ്ങളെ പരാജയപ്പെടുത്താനുള്ള കരുത്ത് കേരളത്തിന്റെ ജനാധിപത്യമനസ്സിനുണ്ടെന്ന കാര്യം മറക്കരുത്.

## നാർകോ, പോളിഗ്രാഫ്, ബ്രെയിൻ മാപ്പിംഗ് പരിശോധനകൾ ഭരണഘടനാവിരുദ്ധം

നാർകോ അനാലിസിസ്, പോളിഗ്രാഫ് ടെസ്റ്റ് (നുണ പരിശോധന), ബ്രെയിൻ മാപ്പിംഗ് എന്നീ പരിശോധനകൾ ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതി വിധിച്ചു. ഇത്തരത്തിലുള്ള പരിശോധനകൾ വ്യക്തിസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമാണെന്നും ഈ പരിശോധനാഫലങ്ങൾ തെളിവായി സ്വീകരിക്കില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഒരാളുടെ സമ്മതമില്ലാതെ നാർകോ, പോളിഗ്രാഫ്, ബ്രെയിൻ മാപ്പിംഗ് പരിശോധനകൾ നടത്തുന്നത് നിയമവിരുദ്ധവും ഭരണഘടനയുടെ ലംഘനവുമാണെന്ന് ചീഫ് ജസ്റ്റീസ് കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായ മൂന്നംഗബഞ്ചാണ് വിധിച്ചത്. സ്വന്തം ഇഷ്ടപ്രകാരമല്ലാതെയുള്ള ഇത്തരം നടപടികൾക്ക് വിധേയമാക്കുന്നത് ഭരണഘടനയുടെ 20 (3) വകുപ്പിന്റെ ലംഘനമാണ്. വ്യക്തികളുടെ മൗലികാവകാശത്തിൻമേലുള്ള കടന്നുകയറ്റമായി ഇത് വ്യാഖ്യാനിക്കാം. നിർബന്ധിച്ച് ഒരാളെക്കൊണ്ട് കുറ്റം സമ്മതിപ്പിക്കരുതെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ടെന്നും 400 പേജുള്ള വിധിന്യായത്തിൽ സുപ്രീം കോടതി വ്യക്തമാക്കി. അഭിപ്രായം മറച്ചുവയ്ക്കാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്റെയും മൗലികാവകാശങ്ങളുടെയും ലംഘനമാണ് നാർകോ പരിശോധനയിലൂടെ നടക്കുന്നത്. ഒരു വ്യക്തിയെയും തനിക്കെതിരേ തന്നെ തെളിവുനൽകാൻ നിർബന്ധിക്കാനാവില്ല. വ്യക്തിയുടെ അനുമതിയോടെ പരിശോധന നടത്തിയാലും ഒരു കേസിലും ഇത് തെളിവായി ഉപയോഗിക്കാൻ പാടില്ല. അബോധാവസ്ഥയിൽ നൽകുന്ന മൊഴി തെളിവുകളായി കാണാൻ കഴിയില്ല. ഇത്തരം പരിശോധനകൾ നടത്തിയാൽതന്നെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള മാർഗനിർദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും കോടതി നിർദേശിച്ചു. കുറ്റാന്വേഷണത്തിന് ഒരുപക്ഷേ ശാസ്ത്രീയ പരിശോധനകൾ ആവശ്യമായിരിക്കാമെന്ന് ജസ്റ്റീസുമാരായ ആർ.വി രവീന്ദ്രൻ, ദൽബീർ ഭണ്ഡാരി എന്നിവർ ഉൾപ്പെട്ട ബഞ്ച് അഭിപ്രായപ്പെട്ടു. എന്നാൽ, ഭരണഘടനാപ്രകാരം അനുവദിക്കാനാവില്ല. ചിലപ്പോൾ ഇത്തരം ടെസ്റ്റുകൾ നടത്താതിരിക്കുന്നതിനാൽ കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ടാവാം. എങ്കിലും കുറ്റം ചെയ്യാത്ത ഒരാളെ പരിശോധനയ്ക്ക് വിധേയമാക്കുന്നത് നീതീകരിക്കാനാവില്ല. ഈ പരിശോധനകളുടെ ഫലങ്ങൾ മാത്രം തെളിവായെടുത്തിട്ടുള്ള കേസുകളിൽ പുതിയ തെളിവുകൾ അന്വേഷണസംഘം ഹാജരാക്കണമെന്നും കോടതി നിർദേശിച്ചു. മറ്റു തെളിവുകൾ ഇത്തരം കേസുകളിലുണ്ടെങ്കിൽ അവയുമായി മുന്നോട്ടുപോകാം. ഇത്തരം പരിശോധനകളെ അനുകൂലിച്ച് സിബിഐ അഭിഭാഷകൻ നടത്തിയ വാദങ്ങളൊന്നും കോടതി അംഗീകരിച്ചില്ല. അഭയാകേസുമായി ബന്ധപ്പെട്ട് രണ്ടു വൈദികനെയും ഒരു കന്യാസ്ത്രീയെയും നാർകോ പരിശോധനയ്ക്ക് വിധേയമാക്കിയതും ഇതിന്റെ എഡിറ്റു ചെയ്ത സിഡി ദൃശ്യങ്ങൾ ടെലിവിഷനുകൾക്ക് ചോർത്തി നൽകിയതും വലിയ വിവാദമായിരുന്നു. ഇതിനെ ചോദ്യം ചെയ്ത് സിസ്റ്റർ സെഫി നൽകിയ ഹർജികൾ കേരള, ഡൽഹി ഹൈക്കോടതികളുടെ പരിഗണനയിലാണ്. കുറ്റം തെളിയിക്കാൻ മൂന്നാംമുറ ഒഴിവാക്കുന്നതിന് ശാസ്ത്രീയ പരിശോധനകൾ അനിവാര്യമാണെന്നാണ് കേന്ദ്ര സർക്കാരിനും സിബിഐയ്ക്കും വേണ്ടി കോടതിയിൽ വാദിച്ചിരുന്നത്. അതിനാൽ, നാർകോ പരിശോധനാഫലം കോടതി തെളിവായി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഈ വാദങ്ങളെല്ലാം കോടതി തള്ളി. ഇതോടെ, നാർകോ ടെസ്റ്റുകൾ പോലുള്ള പരിശോധനകളുടെ പിൻബലത്തിൽ അന്വേഷണ ഏജൻസികൾ തെളിവുണ്ടാക്കിയ കേസുകൾക്ക് സുപ്രീം കോടതി വിധി തിരിച്ചടിയായിരിക്കുകയാണ്. 2004 മുതലുള്ള പത്തോളം ഹർജികൾ പരിഗണിച്ചാണ് സുപ്രീം കോടതി അന്തിമവിധി പ്രസ്താവിച്ചത്. 2008 ജനുവരി 25-ന് വാദം പൂർത്തിയാക്കിയ കേസ് വിധി പറയാനായി മാറ്റിവച്ചിരിക്കുകയായിരുന്നു.


JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA